# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.492/PR/PIC/PHQ/15 Date : 29.07.2015

---

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിസ്കൂളുകളിൽ ആഗസ്റ്റ് രണ്ട് അബ്ദുൾ കലാം അനുസ്മരണ ദിനം

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ വാർഷിക ദിനമായ ആഗസ്റ്റ് 2, അന്തരിച്ച മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാമിനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ അനുസ്മരണ ദിനമായി സംസ്ഥാനത്തെ എല്ലാ സ്റ്റുഡന്റ് പോലീസ് കേഡറ്റ്പദ്ധതി സ്കൂളുകളും ആചരിക്കും. അദ്ദേഹത്തിന്റെ ആഗ്രഹം പോലെ, അന്ന് അധിക പഠനക്ലാസ്സുകൾ സംഘടിപ്പിക്കും. ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച രാവിലെ 8 മണി മുതൽ "ഡോക്ടർ എ പി ജെ അബ്ദുൾ കലാമിന്റെ ജീവിതത്തിൽ നിന്നും ഞാൻ എന്ത് പഠിച്ചു "എന്ന വിഷയത്തിൽ ഉപന്യാസ മത്സരം, അദ്ദേഹത്തിന്റെ ജീവിതത്തേയും സംഭാവനകളെയും അടിസ്ഥാനപ്പെടുത്തിയുള്ള ക്വിസ് മത്സരം, 'ഡോക്ടർ എ പി ജെ അബ്ദുൾ കലാമിന്റെ ജീവിതദർശനം ' എന്ന വിഷയത്തിൽ പ്രഭാഷണം, ഫോട്ടോ പ്രദർശനം മുതലായവ സംഘടിപ്പിക്കും. അദ്ദേഹവുമായി ബന്ധപ്പെട്ടുള്ള വീഡിയോ ചിത്രങ്ങളുടെ പ്രദർശനവും നടത്തും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കു പുറമേ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ അധ്യാപകരും (CPO, ACPOs) പോലീസ് ഉദ്യോഗസ്ഥരും ആഗസ്റ്റ് 2 ന് രാവിലെ 8 മണി മുതൽ അതാത് സ്കൂളുകളിലെ ഈ പരിപാടിക്ക് നേതൃത്വം നൽകുമെന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു.